For Private Circulation Only

March 2025

ആഗമനാമൃതം

HOLY BIBLE

Vol.72

" എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ "
(എബ്രാ. 12:14)

No.3

ക്രിസ്തു എന്നിൽ ജീവിക്കുന്നു

By Andrew Murray

ദൈവം ആഗ്രഹിക്കുന്നതു പോലെയുള്ള ജീവിതം നയിക്കാൻ ക്രിസ്തു എങ്ങനെയാണ് നമ്മെ സഹായിക്കുന്നത്? പലപ്പോഴും നമ്മൾ ക്രിസ്തുവിനെ നമ്മിൽ നിന്ന് അകന്ന ഒരു വ്യക്തിയെന്നോ, നമ്മെ കേട്ട് സഹായിക്കുന്ന ഒരാളെന്നോ കരുതുന്നു എന്നാൽ, ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. എന്ന് യോഹന്നാൻ 15:5-ൽ യേശു പറഞ്ഞത് ശ്രദ്ധിക്കേണ്ടതാണ്. മുന്തിരിവള്ളിയും അതിന്റെ ശാഖകളും തമ്മിലുള്ള അടുപ്പവും ഏകീകരണവും അത്യന്തം വലുതാണ്. ക്രിസ്തുവിന്റെ അതെ ജീവനും ആത്മാവും നമ്മിലും വേണമെന്ന് യേശു ആഗ്രഹിക്കുന്നു.

ഞാൻ എന്റെ ഉള്ളിലെ രക്ഷിതാവിൽ വിശ്വസിക്കണം. ക്രിസ്തു സ്വർഗ്ഗത്തിൽ ആണെങ്കിലും അവൻ ഇവിടെ ഉണ്ട് എന്ന് ഞാൻ അറിയണം. അവൻ എന്റെ ഉള്ളിലേക്കു വരണം അവനോടു കൂടെ ജീവിക്കുമ്പോൾ അത് എന്നെ ദൈവത്തിന്റെ മകനായി, മകളായി ജീവിക്കാൻ സഹായിക്കുന്നു. അവൻ എന്റെ ഇച്ഛയിലും ചിന്തയിലും അനുഭവങ്ങളിലും ജീവിതത്തിലും വരുന്നു.

ഇത് ഞാൻ മനസ്സിലാക്കുമ്പോൾ, എന്റെ ആത്മാവ് ആരാധനയിലും ദൈവത്തോടുള്ള ബന്ധത്തിലും ശക്തിപ്പെടുന്നു. ഞാൻ മാംസത്തിലും രക്തത്തിലും ജീവിക്കുന്നു, പക്ഷേ എന്നിൽ വസിക്കുന്ന ക്രിസ്തു ആണ് എന്റെ ജീവിതത്തിന്റെ യഥാർത്ഥ ജീവൻ തിരുവചനം മനോഹരമായി പറയുന്നത്, " ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്. " (ഗലാ 2:20).

ദൈവമേ, നീ എന്റെ ഉള്ളിലേക്ക് വരണമേ, ജീവനുള്ള ക്രിസ്തു നിങ്ങളിൽ ജീവിക്കട്ടെ. അതിനായി ക്രിസ്തു കാണിച്ചു തന്നിരിക്കുന്ന മാതൃക അറിയാൻ ശ്രമിക്കുക. ക്രിസ്തു തന്റെ ജീവിതം നമുക്കായി നൽകി, അതുകൊണ്ട് നമുക്ക് അവനോട് ചേരാം. ആ ജീവിക്കുന്ന ക്രിസ്തുവിനെ നമ്മുടെ ഇച്ഛയിലും ആഗ്രഹങ്ങളുടെ മേലും അവകാശം കൊടുത്താൽ, അവൻ നടന്നതുപോലെ നമുക്കും ജീവിക്കാൻ കഴിയും.

ദൈവത്തോടുള്ള ആശ്രയം

തിരുവെഴുത്തുകളിൽ പറയുന്ന ക്രിസ്തുവിന്റെ ജീവിതത്തെ നോക്കുകയാണെങ്കിൽ, നമുക്ക് കാണുവാൻ കഴിയും. ക്രിസ്തുവിന്റെ വിനയവും സ്വർഗ്ഗീയ പിതാവിനോടുള്ള ആശ്രയവും അവൻ പറഞ്ഞു. "എനിക്കു സ്വതേ ഒന്നും ചെയ്വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളത് ആകുന്നു" (യോഹ. 5:30).

ക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷയുടെ തുടക്കം മുതൽ അവസാനം വരെ, അവന്റെ പിതാവായിരുന്നു എല്ലാം എന്റെ ഉള്ളിലെ ക്രിസ്തു എല്ലാത്തിലും ദൈവത്തെ ബഹുമാനിച്ചിരുന്നു എന്ന് നാം മനസ്സിലാക്കുമ്പോൾ, ക്രിസ്തുവിനുണ്ടായിരുന്നു. അതെ മനോഭാവം നമ്മിലും വരും.

അവൻ എല്ലായ്പ്പോഴും തന്റെ ജീവിതം ദൈവത്തിൽ നിന്നുള്ളതാണെന്ന് അംഗീകരിച്ചു " പിതാവ് പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു." (യോഹ 3:35) " പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ അവൻ പുത്രനും തന്നിൽ തന്നെ ജീവനുള്ളവൻ ആകുമാറ് വരം നല്കിയിരിക്കുന്നു " (യോഹ. 5:26). എന്റെ ജീവിതം ദൈവത്തിൽ നിന്നുള്ളതാണ്. എനിക്ക് എന്റേതായുള്ള ഒന്നുമില്ല, എല്ലാം എനിക്ക് ദൈവത്തിൽ നിന്നാണ് ലഭിക്കുന്നത് ".

ക്രിസ്തു ഈ നിലപാട് എടുത്തെങ്കിൽ, നാമും അതുപോലെ ആയിരിക്കണം. നാം പറയണം, " ഈ പുതിയ ജീവിതം ദൈവത്തിൽ നിന്നുള്ളതാണ്. അവൻ അത് എനിക്കു നൽകി. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്റെ ഉള്ളത്തിൽ ഉണ്ട്.

ദൈവം തന്ന ആ ജീവിതത്തെ ആരാണ് നിലനിർത്താൻ പോകുന്നത്? ദൈവത്തിനു മാത്രമേ അവൻ ആരംഭിച്ചതിനെ നിലനിർത്താൻ കഴിയൂ.

ഏതൊരു ക്രിസ്തീയ ജീവിതത്തിന്റെയും നല്ല ഗുണം, നമ്മെ തന്നെ അവന്റെ പ്രവൃത്തി ചെയ്വാൻ അനുവദിച്ചു കൊടുക്കുക എന്നാണ്. നാം അവനെ നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാനുള്ള അവസരം കൊടുക്കണം. നാം ഓരോ നിമിഷവും ഓരോ മണിക്കൂറും ദൈവത്തിൽ ആശ്രയിക്കേണ്ടതാണ്. നാം മനസ്സിലാക്കേണ്ട ഒരു കാര്യം " എന്റെ ദൈവമേ, ഞാൻ ഒന്നുമല്ല, എനിക്ക് ഒന്നും അറിയില്ല, ഞാൻ ഒന്നുമല്ല, അങ്ങ് എന്നെ പ്രാപ്തനാക്കുന്നത് മാത്രമേ എനിക്ക് ചെയ്യാൻ കഴിയൂ.

ക്രിസ്തു എങ്ങനെയാണ് നമ്മെ ദൈവത്തോട് അടുപ്പിക്കുന്നത്? ക്രിസ്തു ദൈവത്തോട് അടുത്ത അതേ വഴിയിൽ കൂടി മാത്രമേ നമുക്കും ദൈവത്തോടു അടുക്കുവാൻ കഴിയൂ. പൂർണ്ണ സമർപ്പണം. അവൻ എല്ലായ്പ്പോഴും ദൈവത്തെ നോക്കി മാർഗ്ഗനിർദ്ദേശത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു.

കഷ്ടതയിൽ അവൻ ദൈവത്തോടു കരഞ്ഞു. ദൈവം അതു എല്ലാം ആയി

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ക്രിസ്തു എന്നിൽ ജീവിക്കുന്നു

രുന്നു. പ്രാർത്ഥിക്കുക, ക്രിസ്തുവിന്റെ ശക്തി അറിയണമെങ്കിൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക.

ക്രിസ്തുവിന്റെ മരണത്തിൽ ഏകീഭവിക്കുക

ക്രിസ്തുവിന്റെ ക്രൂശു മരണം നമ്മെ എന്താണ് പഠിപ്പിക്കുന്നത്? ദൈവം തന്റെ പുത്രനു നൽകിയ ജീവിതം അദ്ദേഹം പൂർണ്ണമായും ദൈവത്തിന് സമർപ്പിച്ചു. "എന്റെ ജീവിതം എന്റേതാണെന്നു ഞാൻ കരുതുന്നില്ല". എത്രയധികം ലജ്ജ, എത്രയധികം കഷ്ടപ്പാട്, എത്രയധികം വേദന ഉണ്ടായാലും ഞാൻ അത് ദൈവത്തിനു നല്കുന്നു. എനിക്കു ഉള്ളതെല്ലാം ദൈവത്തിൽ നിന്നാണ്. അതുകൊണ്ട് എല്ലാം ദൈവത്തിനുള്ളതാണ്. അവനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ മറിയയോടു പറഞ്ഞു, " എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു " (ലൂക്കൊ. 2:49). "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നിരിക്കുന്നതു " (യോഹ. 6:38). അവസാന നിമിഷം ക്രൂശിൽ ആയിരുന്നപ്പോൾ പറഞ്ഞു. " പിതാവേ നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു " (ലൂക്കൊ.22:42).

വിശ്വാസികളായ നാം ഓരോരുത്തരും അംഗീകരിക്കേണ്ടത്, എന്റെ ജീവിതം ദൈവത്തിൽ നിന്നുള്ളതാണ്. ആത്മീയ ജീവിതത്തിൽ ഞാൻ അനുഭവിക്കുന്ന എല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. അതിനാൽ നാം ചെയ്യുന്ന ഓരോ പ്രവർത്തിയും ദൈവത്തിനു മഹത്വമുള്ളതായിരിക്കേണം.

ക്രിസ്ത്യാനിയെ ദൈവത്തിൽ നിന്നു അകറ്റുന്നത് പാപം ആണ്. കീഴടങ്ങുന്ന ഒരു മനോഭാവം ഉണ്ടെങ്കിൽ പാപം നമ്മിൽ നിന്ന് അകലും. പാപം ഒഴിഞ്ഞ ജീവിതത്തിൽ മാത്രമേ നമുക്ക് ക്രിസ്തുവിനോട് ചേർന്ന് ജീവിക്കാൻ സാധ്യമാകയുള്ളൂ.

ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നത് ഞാൻ നിങ്ങളുടെ ഉള്ളത്തിൽ വരണമെങ്കിൽ ഞാൻ ജീവിച്ചതുപോലെ ആയിരിക്കേണം. നിങ്ങളും ക്രിസ്തുവിന്റെ ക്രൂശു മരണത്തോട് ഏകീഭവിക്കേണം. ദൈവവചനം പറയുന്നത് "നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരു

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നു പോയി മാർച്ച് മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ടാ; പണ്ടുള്ളവയെ നിരൂപിക്കയും വേണ്ടാ. ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു; അത് ഇപ്പോൾ ഉത്ഭവിക്കും; നിങ്ങൾ അത് അറിയുന്നില്ലയോ ? അതെ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജനപ്രദേശത്തു നദികളും ഉണ്ടാക്കും " (യെശ43:18,19).

മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിൽ ഈ ലോകത്തിലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. പിതാവിനെ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാകൂ. ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളമണ്. എല്ലാവിധ ദുഷ്ടതകളോടും നാം പോരാടേണം.

ഇന്ന് ലോകം പാപത്തിൽ മുഴുകി അസമാധാനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിൽ ഈ ലോകത്തലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്താൻ കഴിയുകയില്ല. ഈ ലോകജീവിതത്തിന്റെ അന്ത്യനിമിഷം വരെ ദൈവവചനാനുസരണം പിതാവിനെ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരുവാൻ സാധ്യമാകൂ. ലോകത്തിൽ ഒരു ശക്തിക്കും കർത്താവായ യേശുവുമായുള്ള ബന്ധം നശിപ്പിക്കാൻ കഴിയാതിരിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ക്രിസ്തു നമ്മുടെ ജീവിതം

ഈ പ്രസിദ്ധീകരണം നിങ്ങളുടെ ജീവിതത്തെ മാറ്റി മറിക്കും. ഈ പ്രസിദ്ധീകരണത്തിലെ സന്ദേശം നിങ്ങളുടെ ജീവിതത്തെ മാറ്റി മറിക്കും. എന്നാൽ ഇതു ശരിയല്ല. ഈ സന്ദേശത്തിലെ പ്രധാന വിഷയമായ യേശുക്രിസ്തുവിന് മാത്രമെ നിങ്ങളുടെ ജീവിതം മാറ്റി മറിക്കാൻ കഴിയുകയുള്ളൂ. നിങ്ങളുടെ ജീവിതത്തിലെ അവസ്ഥയോ സാഹചര്യങ്ങളോ എന്തായാലും യേശുക്രിസ്തുവിന് നിങ്ങളുടെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കാൻ കഴിയും. വളരെ പ്രയാസകരമായ സാഹചര്യത്തിലും, എങ്ങനെ നമ്മുടെ വിശ്വാസം അവനിൽ അർപ്പിക്കാം എന്നു നമുക്ക് നോക്കാം.

1. യേശുക്രിസ്തുവിന്റെ മഹത്വം, സ്വഭാവം, കഴിവ് എന്നിവയെല്ലാം നമുക്ക് ചിന്തിക്കാൻ കഴിയുന്നതിലും അപ്പുറമാണ്. എന്നിരുന്നാലും, ബൈബിളും വിശ്വാസി എന്ന നിലയിലുള്ള നമ്മുടെ മുൻപരിചയം അവൻ എത്രത്തോളം അതിശയവാനാണെന്നുള്ള ആശയം നല്കുന്നു. ഉദാഹരണത്തിന്, അവൻ അല്ഫയും ഒമേഗയും, ആദ്യവും അന്ത്യവും (വെളി. 1:8), ജീവന്റെ അപ്പം (യോഹ. 6:35), സകലത്തിനും കാരണഭൂതനായവൻ (എബ്രാ. 2:10),വിടുവിക്കുന്നവൻ (റോമർ 11:26), വീരനാം ദൈവം (യെശ. 9:6), ആദ്യനും അന്ത്യനും (വെളി. 1:17), നല്ല ഇടയൻ (യോഹ. 10:11), സഭയുടെ തല (എഫെ.1:22), ഞാൻ ആകുന്നു (യോഹ. 8:58), യേശു (മത്താ. 1:21), രാജാധിരാജാവും കർത്താധികർത്താവും (1തിമൊ. 6:15), ലോകത്തിന്റെ വെളിച്ചം (യോഹ. 8:12), എല്ലാവരുടെയും കർത്താവ് (പ്രവൃ. 10:36), സർവ്വശക്തനായ ദൈവം (യെശ.9:6), സമാധാന പ്രഭു (യെശ. 9:6) പുനരുത്ഥാനവും ജീവനും (യോഹ. 11:25), പാറ (1കൊരി. 10:4), രക്ഷകൻ (ലൂക്ക. 2:11), ദൈവപുത്രൻ (മത്താ. 2:15), സാക്ഷാൽ മുന്തിരിവള്ളി (യോഹ. 15:1), ദൈവവചനം (വെളി. 19:13) എന്നിവയാണെന്ന് നമുക്കു അറിയാം.

യേശുക്രിസ്തുവിന്റെ ഒരുപാട് നാമങ്ങൾ മുകളിൽ ഉദ്ധരിക്കപ്പെട്ടു. മുകളിൽ പറഞ്ഞിരിക്കുന്നതിന് മേലെയാണ് അവന്റെ ശക്തിയും അവനു ചെയ്യുവാനായി കഴിയുന്ന അത്ഭുത പ്രവൃത്തികളും യേശുക്രിസ്തുവിൽ നമുക്കു രക്ഷ, വിടുതൽ, സമാധാനം, ക്ഷമ, സന്തോഷം, സുഖം, സംരക്ഷണം, ആശ്വാസം, ശക്തി എന്നിവയുണ്ട്. ഈ പട്ടിക അനന്തമായി തുടരുന്നു. “എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും” (ഫിലി. 4:19).

2) അവൻ എല്ലായ്പ്പോഴും നമ്മോടു കൂടെ ഉണ്ടാകുമെന്ന് വാഗ്ദത്തം ചെയ്തു. അവൻ യഥാർത്ഥത്തിൽ നമ്മിൽ വസിക്കുന്നു. ഇതു മനസ്സിൽ വച്ചുകൊണ്ട്, മുകളിൽ പറഞ്ഞ പേരുകൾ വീണ്ടും വായിക്കുക. നമ്മോടൊപ്പം ഉള്ള യേശു, അത്ഭുതകരം! അവന്റെ സാന്നിദ്ധ്യം, ശക്തി, സ്നേഹം, ജീവൻ കൃപ വീണ്ടും പട്ടിക തുടരുന്നു. അൻ നമ്മിൽ പ്രവൃത്തിക്കുന്നതിനാൽ നമുക്ക് എന്തും നേടാം എന്തും ജയിക്കാം. “എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു” (ഫിലി. 4:13) “ഞാൻ നിന്നെ ഒരിക്കലും കൈവിടില്ല, ഉപേക്ഷിക്കയുമില്ല. അതുകൊണ്ട് നമുക്ക് ധൈര്യമായി പറയാം. “കർത്താവ് എനിക്കു തുണ, ഞാൻ പേടിക്കയില്ല, മനുഷ്യൻ എന്നോടു എന്തു ചെയ്യും” (എബ്രാ. 13:6).

3) യേശുക്രിസ്തു നമുക്കു വേണ്ടി ഉള്ളതാണ്. യേശു നമ്മെ ഉണ്ടാക്കിയവൻ മാത്രമല്ല, തന്റെ വിലയേറിയ രക്തം കൊണ്ട് നമ്മെ വീണ്ടെടുത്തവൻ കൂടി ആണ്. നാം അവന്റേതാണ്! ക്രിസ്തുവിന് നമ്മെ വളരെ അടുത്തറിയാം, അവൻ നമ്മെ ആഴമായി സംരക്ഷിക്കുകയും ചെയ്യുന്നു. അവൻ നമ്മുടെ ഏറ്റവും നല്ലത് ആഗ്രഹിക്കുന്നു. നാം നമ്മുടെ ജീവിതത്തിൽ നേരിടുന്ന പരീക്ഷണങ്ങളെക്കുറിച്ചു അവൻ അറിയുന്നു. അവൻ അവയെ നന്മയ്ക്കായി മാറ്റുവാൻ ആഗ്രഹിക്കുന്നു. അവൻ നമ്മെ സഹായിക്കും. നമ്മെ നിലനിർത്തും. അവൻ നമ്മുടെ ദയയുള്ള വിശ്വസ്തനായ മഹാപുരോഹിതനാണ്. നമ്മുടെ കഷ്ടതയിൽ നമ്മോട് സഹതാപം കാണിക്കുന്നു. നമുക്കുവേണ്ടി നിരന്തരം മദ്ധ്യസ്ഥത വഹിച്ചു നമ്മെ പരിപൂർണ്ണമായി രക്ഷിക്കാൻ കഴിവുള്ളവനാണ് ക്രിസ്തു (എബ്രാ. 2:17, 4:15, 7:25).

അവന്റെ സ്നേഹത്തിന്റെ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക — *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ക്രിസ്തു നമ്മുടെ ജീവിതം

വീതി, നീളം, ആഴം, ഉയരം എന്നിവയെ മനസ്സിലാക്കുവാൻ കഴിയുമെങ്കിൽ, എന്തുവെല്ലുവിളിയാണെങ്കിലും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പൂർണ്ണതയിൽ നിറയുവാൻ നമുക്കു കഴിയും (എഫെ. 3:18,19). മരണത്തിനോ, ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല” (റോ. 8:38, 39).

4) ക്രിസ്തു വരികയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതുകൊണ്ട്, നാം പാപത്തിൽ മരിക്കയും പുതിയ ജീവിതം നയിക്കുകയും ചെയ്യാം. ഇത് ആഴത്തിലുള്ള ഒരു സത്യം ആണ്. ഇത് നാം സ്വീകരിക്കുകയും വിശ്വാസത്തോടെ നമ്മുടെ ജീവിതത്തിൽ പ്രവൃത്തിക്കാൻ അനുവദിക്കുകയും ചെയ്താൽ നമ്മുടെ ജീവിതം മാറിമറിയും. നമ്മുടെ വിശ്വാസജീവിതത്തിന്റെ താക്കോൽ ക്രിസ്തു ആണ്. കൂടുതൽ വ്യക്തമാക്കിയാൽ, ക്രിസ്തു നമ്മുടെ ജീവിതമാണ്. (കൊലൊ. 3:4). അവൻ വഴിയും സത്യവും ജീവനും ആകുന്നു (യോഹ. 14:6). നമുക്ക് സ്വയം പാപം ചെയ്തു മരിക്കുവാനായിട്ട് കഴികയില്ല, പക്ഷെ നാം ക്രിസ്തുവിനോടു ചേരുമ്പോൾ അവന്റെ മരണത്തോട് അനുരൂപപ്പെടുന്നു (റോമ. 6:5). അതുകൊണ്ട്, ആരെങ്കിലും ക്രിസ്തുവിലാണെങ്കിൽ “അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി ഇതാ അത് പുതുതായി തീർന്നിരിക്കുന്നു” (2കൊരി. 5:14-17). “നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു” (1പത്രൊ. 2:24,25).

നമ്മുടെ മറുപടി

ഇത്രയും അത്ഭുതകരമായ സത്യങ്ങൾക്കു മുമ്പിൽ, നമ്മുടെ പ്രതികരണം എന്തായിരിക്കേണം? അവനെ നമ്മുടെ ജീവിതത്തിൽ അനുവദിച്ചു കൂടെ? എല്ലാം അവനു വിട്ടുകൊടുക്കയും നമ്മുടെ ജീവിതത്തിൽ അവനു പൂർണ്ണസ്വാതന്ത്ര്യം കൊടുക്കയും ചെയ്തു കൂടെ? അവന്റെ മഹത്വം, അവന്റെ ജീവൻ, അവന്റെ സ്നേഹം, അവന്റെ സമാധാനം, അവന്റെ നീതി, അവന്റെ സന്തോഷം എന്നിവയാൽ നമ്മെ നിറയ്ക്കുവാൻ അവനോട് ചോദിച്ചുകൂടെ? യോഹന്നാൻ സ്നാപകൻ പറഞ്ഞതുപോലെ “അവൻ വളരേണം, ഞാനോ കുറയേണം” (യോഹ. 3:30).

ഇതിനുവേണ്ടി, നാം പാപത്തിനു സ്വയം മരിക്കേണം. “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു”. (ഗലാ 2:20). യേശു പറഞ്ഞതുപോലെ “ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും” (മത്താ. 16:24,25).

നിങ്ങളുടെ ജീവിതം പൂർണ്ണമായി ക്രിസ്തുവിനു വിട്ടുകൊടുക്കുവാൻ ഞാൻ നിങ്ങളെ പ്രോൽ സാഹിപ്പിക്കുന്നു. അവന്റെ മരണത്തിൽ അവനോടുകൂടെ ചേരുക. നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും പാപം, അശുദ്ധി, കപടത, കോപം, ജഡത്തിന്റെ പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയെ കൊല്ലുവാൻ അവനെ അനുവദിക്കുക. അവനോടും അവന്റെ മരണത്തിനോടും ചേർന്നുകൊണ്ട്, നിങ്ങളുടെ ജീവിത്തിലെ സ്വയം നീതി, സ്വാർത്ഥത, ന്യായം ന്യായീകരണം, സ്വയം ബോധം എന്നിവയെ കൊല്ലുക. അവന്റെ വചനത്തിന്റെ ശക്തിയാൽ ജീവിക്കുക. അവനിൽ മാത്രമുള്ള സമൃദ്ധമായ ജീവിതത്തിന്റെ പൂർണ്ണതയിൽ ജീവിക്കാൻ തുടങ്ങുക.

നിങ്ങൾക്ക് എന്തെങ്കിലും നിരാശയോ ഭയമോ ഉണ്ടോ? എല്ലാം ക്രിസ്തുവിനു വിട്ടു കൊടുക്കുക. അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും അവനോടു ചേർന്നാൽ, നിങ്ങളുടെ ജീവിതം ഇനി നിങ്ങളുടെ സ്വന്തം അല്ല. അത് അവന്റെ ജീവിതമാണ്. “എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്തിൽ ജീവിക്കുക” (ഗലാ. 2:20). ഈ വാഗ്ദത്തങ്ങളെ മനസ്സിൽ വച്ചുകൊണ്ട്, നിങ്ങളുടെ എല്ലാ ആശങ്കകളെയും അവനെ അറിയിക്കുക. “സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കയും അരുത്” (യോഹ. 14:27). “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” (മത്താ. 11:28). “കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ. കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും” (ഫിലി. 4:4-7).

ഒരു അവസാന വാക്ക് നിങ്ങൾ ഇപ്പോൾ വളരെ പ്രയാസകരമായിട്ടുള്ള സാഹചര്യത്തിൽ ചെറിയ വിശ്വാസത്തോടെ ആയിരിക്കുകയാണോ? ഉന്മേഷത്തോടെ ആയിരിക്കുക, കാരണം കർത്താവ് പലപ്പോഴും നമ്മുടെ ജീവിതത്തിൽ പ്രയാസകരമേറിയ സാഹചര്യത്തിൽ തന്റെ പ്രവൃത്തി നടത്തും ഉദാഹരണത്തിന്, അപ്പൊസ്തലനായ പൗലൊസ് കർത്താവിനോട് 2കൊരി. 12:7,8. “വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ തന്നെ. അത് എന്നെ വിട്ടു നീങ്ങേണ്ടതിനു ഞാൻ മൂന്നു വട്ടം കർത്താവിനോടു അപേക്ഷിച്ചു. എങ്കിലും ഇതിനു മദ്ധ്യേ ക്രിസ്തു മതിയായവനെന്ന് അവൻ മനസ്സിലാക്കി. പൗലൊസ് പറയുന്നു “അവൻ എന്നോട്; എന്റെ കൃപ നിനക്ക മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും” (2കൊരി. 12:9,10). മറ്റൊരു വാക്കിൽ, പരീക്ഷണങ്ങളുടെ സമയങ്ങൽ അനുഭവപ്പെടുമ്പോൾ അത് അനുഗ്രഹങ്ങളുടെ സമയമായി മാറുന്നു. ദൈവസാന്നിധ്യം അനുഭവിക്കുവാനും കഴിയുന്നു. ❖

ശ്രേഷ്ഠനായ ക്രിസ്തു

By Jonathan Edwards

“ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ ” (യോഹ. 7:37). “ദാഹിക്കുന്നവൻ വരട്ടെ, ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ ” (വെളി. 22:17).

ലോകമനുഷ്യർ അവർ പിന്തുടരുന്ന കാര്യങ്ങളിൽ വലിയ മഹത്വവും യഥാർത്ഥത്തിലുള്ള സന്തോഷവും ഉണ്ടെന്നു കരുതുന്നു അവർ അത് നേടുവാൻ കഴിയുമെങ്കിൽ സന്തോഷകരമാകുമെന്നു കരുതുന്നു. അത് നേടിയിട്ട്, സന്തോഷം കണ്ടെത്താൻ കഴിയാതെ വന്നാൽ, മറ്റെന്തെങ്കിലും കാര്യത്തിൽ സന്തോഷം അന്വേഷിച്ചു പോകുന്നു. ഒരാൾ സമ്പത്തിനെ വലിയതായി കാണുന്നു. മറ്റൊരാൾ ബഹുമതിയെ ഏറ്റവും ഉയർന്നതായി കരുതുന്നു. മറ്റൊരാൾ കാമ ആനന്ദത്തെ മഹത്തായി കരുതുന്നു. പക്ഷെ ആത്മാവിന് ഇതിലൊന്നിലും ആനന്ദം കണ്ടെത്താൻ കഴികയില്ല.

എന്നാൽ ക്രിസ്തുയേശുവിനാണ് യഥാർത്ഥമായ ശ്രേഷ്ഠത ഉള്ളത്. നാം അതിനെ കാണുകയാണെങ്കിൽ, നാം മറ്റൊന്നും അന്വേഷിക്കാതെ നമ്മുടെ മനസ്സ് അവിടെ വിശ്രമിക്കുന്നു. അവനിൽ നാം അതിമഹത്വമായ ശ്രേഷ്ടതയും ഒരു വിവരണാതീതമായ മാധുര്യവും കാണുന്നു. ഇതുവരെ നാം നിഴലുകളെ പിന്തുടരുന്നവരായിരുന്നു. പക്ഷെ ഇപ്പോൾ നാം യഥാർത്ഥമായത് കണ്ടെത്തിയിരിക്കുന്നു. മുമ്പ് ചെറിയ നദിയിൽ സന്തോഷം അന്വേഷിച്ചിരുന്നെങ്കിലും ഇപ്പോൾ നാം സമുദ്രം കണ്ടെത്തിയിരിക്കുന്നു.

ആത്മാവിന് അത്യന്തം സന്തോഷകരമായത്

ക്രിസ്തുവിന്റെ മഹത്വം ആത്മാവിന്റെ സ്വാഭാവിക ആഗ്രഹങ്ങൾക്ക് അനുയോജ്യമായ ഒരു വസ്തുവാണ്. അവന്റെ മഹത്വം നമ്മുടെ ഉള്ളങ്ങളെ നിറയ്ക്കുവാൻ കഴിയും ക്രിസ്തുവിന് നമുക്ക് ചിന്തിക്കുവാൻ കഴിയുന്നതിലും അപ്പവുമായുള്ള മഹത്വം ഉണ്ട്. നമ്മുടെ മനസ്സ് അത് കൂടുതൽ ചിന്തിക്കുമ്പോൾ, അവൻ കൂടുതൽ മഹത്വമുള്ളവനായി തോന്നുന്നവർ നമ്മുടെ മനസ്സ് ക്രിസ്തിവിന്റെ മഹത്വത്തെ കുറിച്ച് കൂടുതൽ ചിന്തിക്കുമ്പോൾ അവന്റെ സൗന്ദര്യം ആകർഷകമാകുന്നു.

ആത്മാവ് ആദ്യമായി അവന്റെ സൗന്ദര്യം കാണുമ്പോൾ അത്യന്തം ആകർഷിതമാകുന്നു, അത് ഒരിക്കലും ക്ഷയിച്ചു പോകുന്നില്ല. ക്രിസ്തുവിന്റെ മഹത്വം എപ്പോഴും പുതുതായി, പുതുതായി, ആയിരം അല്ലെങ്കിൽ പതിനായിരം വർഷങ്ങൾക്കു ശേഷം കണ്ടാലും ആദ്യ നിമിഷം കണ്ടതുപോലെ സന്തോഷം നല്കുന്നു. ക്രിസ്തുവിന്റെ മഹത്വത്തെക്കാളും വലിയതായി വേറെ ഒന്നും ഇല്ല.

യേശുക്രിസ്തുവിന്റെ മഹത്വം നമുക്ക് അനുയോജ്യമായ ആഹാരമാണ്. ആത്മാവ് ക്രിസ്തുവിനെ സമീപിക്കുമ്പോൾ അതിൽ നിന്നും ആഹാരം കഴിക്കുന്നു, അതിൽ ജീവിക്കുന്നു. “ ഇതോ, തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്ന അപ്പം ആകുന്നു യോഹ.6:50. അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിനു വരുവിൻ. വന്നു വാങ്ങി തിന്നുവിൻ. നിങ്ങൾ വന്നും ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തി വരുത്താത്തിനു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ. പുഷ്ടഭോജനം കഴിച്ചു മോദിച്ചു കൊൾവിൻ ” (യെശ. 55:1,2). ഇവിടെ കണ്ടെത്തുന്ന ആനന്ദവും സംതൃപ്തിയും മനസ്സിലാക്കാൻ കഴിയാത്തതും വിവരിക്കാൻ കഴിയാത്തതുമായ മഹിമയിൽ നിറഞ്ഞതാണ്. ആത്മാവ് ജീവജല നദി കണ്ടെത്തിയിരിക്കുന്നു. ഇനി വേറൊരു പാനീയത്തിന്റെ ആവശ്യമില്ല. ജീവവൃക്ഷം കണ്ടെത്തിയിരിക്കുന്നു. മറ്റേതെങ്കിലും ഫലം ആഗ്രഹിക്കുന്നില്ല.

യേശുവിന്റെ സ്നേഹം

ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ആത്മാവിന് സംതൃപ്തി നല്കുന്നതാണ്. ഈ യേശുവിന്റെ സ്നേഹം അത്യന്തം മധുരവും സംതൃപ്തികരവുമാണ്. അത് ജീവിതത്തെക്കാൾ മികച്ചതാണ്. കാരണം അത് ശ്രേഷ്ടമേറിയ ഒരു വ്യക്തിയുടെ സ്നേഹമാണ്. ലോകത്തിന്റെ സൃഷ്ടാവായ, എന്നും നിലനില്ക്കുന്നവനായ, ദൈവത്തിന്റെ വലതുവശത്തേക്ക് ഉയർത്തപ്പെട്ട എല്ലാ അധികാരങ്ങൾക്കും തലവനായ, എല്ലാം അവന്റെ കാല്ക്കീഴിൽ വച്ചിരിക്കുന്ന രാജാധിരാജാവും കർത്താധികർത്താവും പിതാവിന്റെ മഹിമയുടെ പ്രകാശവുമാണ് അവൻ.

ക്രിസ്തുവിന്റെ സ്നേഹം അത്യന്തം മാധുര്യമേറിയതാണ്. ഇത് ഒരു മരിക്കുന്ന സ്നേഹമാണ്, മുമ്പ് ഒരിക്കലും കാണാത്ത സ്നേഹം, മറ്റൊന്നിനോടും താരതമ്യപ്പെടുത്താൻ കഴിയാത്ത സ്നേഹം. ക്രിസ്തു തന്റെ മക്കൾക്കു നല്കുന്ന വിലയേറിയ അനുഗ്രഹങ്ങളും അവൻ അവർക്കു നൽകുന്ന വിലയേറിയ വാഗ്ദത്തങ്ങളും ഈ സ്നേഹത്തിന്റെ ഫലമാണ്. സന്തോഷവും പ്രത്യാശയും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു ഒഴുകുന്ന നീരുറവകളാണ്. തന്നെത്തന്നെ ഏല്പിച്ചു കൊടുത്ത ക്രിസ്തു യേശുക്രിസ്തു മനുഷ്യന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനുവേണ്ടി തന്നെതന്നെ ഏല്പിച്ചു കൊടുത്തു. നമുക്ക് ആവശ്യമായതെല്ലാം നമുക്ക് ലഭിക്കുന്നതിനു വേണ്ടി ക്രിസ്തു തന്നെതന്നെ ഏല്പിച്ചു കൊടുത്തു.

നമുക്ക് വസ്ത്രം വേണം, എന്നാൽ ക്രിസ്തു വസ്ത്രം മാത്രമല്ല നല്കിയത്, നാം അവനെ ധരിക്കാനായി തന്നെതന്നെ ഏല്പിച്ചുകൊടുത്തു. “ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു ”. (ഗലാത്യർ 3:27). “ കർത്താവായ യേശു ക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത് ”· (റോമർ 13:14).

നമുക്ക് ആഹാരം വേണം. ക്രിസ്തു സ്വയം നമുക്ക് ആഹാരമാകാൻ നല്കിയിരിക്കുന്നു. തന്റെ സ്വന്തം മാംസം നമ്മുടെ ഭക്ഷണമാക്കുകയും അവന്റെ രക്തം നമുക്ക് പാനീയമായും നമ്മുടെ ആത്മാവിനെ പരിപോഷിപ്പിക്കുവാനായി നല്കി അതുകൊണ്ട് ക്രിസ്തു പറയുന്നു “ ഞാൻ ജീവന്റെ അപ്പം ആകുന്നു ” (യോഹ. 6).

നമുക്കൊരു വാസസ്ഥലം ആവശ്യമുണ്ട്. പാപം മൂലം നാം നമുക്കു വീടും വാസസ്ഥലവും നഷ്ടപ്പെടുത്തി. പക്ഷെ ക്രിസ്തു നമ്മുടെ സങ്കേതമാകുന്നു. “ കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു ” (സങ്കീ. 90:1). ദൈവജനങ്ങൾക്ക് ഇനി ക്രിസ്തുവിൽ വസിക്കാം.

യേശുക്രിസ്തു തന്റെ ജനങ്ങൾക്ക് ആവശ്യമായതെല്ലാം, അവരുടെ സന്തോഷത്തിനു വേണ്ടുന്നതെല്ലാം നല്കുന്നു. അതിൽ യവനനും യെഹൂദനും എന്നില്ല. പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല, ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല, ക്രിസ്തുവത്രേ

(ശേഷം 8-ാം പേജിൽ)

ഇതാ ആ മനുഷ്യൻ

" അങ്ങനെ യേശു മുൾക്കിരീടവും ധൂമ്രവസ്ത്ര വും ധ രിച്ചു പുറത്തു വന്നു. പീലാത്തോസ് അവരോട് ആ മനുഷ്യൻ ഇതാ എന്നു പറഞ്ഞു " (യോഹ. 19:5).

അവന്റെ മുഴുവൻ ജീവിതവും വിശുദ്ധമായിരുന്നു, കരുണ നിറഞ്ഞവനായിരുന്നു. നല്ലത് ചെയ്വാൻ സദാ സന്നദ്ധനായിരുന്നു. എങ്കിലും ദൈവത്തിന്റെ നീതി വെളിപ്പെടേണ്ടതിന്, അവൻ വെറുക്കപ്പെട്ടവനും പീഡിപ്പിക്കപ്പെടുകയും ക്രൂശിൽ മരിക്കുകയും ചെയ്തു.

നമുക്ക് ഇവനെ മുറുകെ പിടിക്കാം. അവന്റെ സൗമ്യത, ക്ഷമ, വിശ്വാസം, ധൈര്യം, കരുണ, ദൈവത്തോടും മനുഷ്യരോടും ഉള്ള പൂർണ്ണ സ്നേഹം കാണുക. ആഹാ, മനോഹരമായ സ്വഭാവം! ആഹാ, പവിത്രതയുടെ പൂർണ്ണ മാതൃക! നോക്കുക, പൂർണ്ണ ഹൃദയത്തോടെ അവനെ ആരാധിക്കുക, നോക്കുക. അവനിൽ പൂർണ്ണമായി വിശ്വസിക്കുക. എന്റെ ആത്മാവേ, ഈ മനുഷ്യനെ നോക്കുക!

കാണുക. അവന്റെ ദു:ഖിതമായ മുഖം, അവന്റെ തകർന്ന ഹൃദയം, അവന്റെ രക്ത സ്രാവം, അവൻ ഇതെല്ലാം നിനക്കായി സഹിക്കുന്നു.

അവനെ നോക്കുക, അവന്റെ സ്നേഹത്തെ സംശയിക്കരുത്, അവന്റെ സത്യസന്ധതയെ ചോദ്യം ചെയ്യരുത്, നിങ്ങളുടെ ശത്രുക്കളെ ഭയപ്പെടുരുത്.

അവനെ നോക്കുക, ദൈവത്തിന്റെ സ്നേഹത്തിന്റെ തെളിവായി, നിനക്കു നൽകിയ എല്ലാ വാഗ്ദാനങ്ങളുടെ ഉറപ്പായി, നിനക്കു മുന്നിൽ വെച്ചിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളുടെ പ്രതിജ്ഞയായി അവനെ നോക്കുക - അവനോടു സഹതാപം കാണിക്കുക.

അവനെ നോക്കുക, നിങ്ങളുടെ ജീവിതം പുതുതായി അവനു സമർപ്പിക്കുക! അവനെ നോക്കുക - നിങ്ങളുടെ ജഡീക മോഹങ്ങളെ ക്രൂശിക്കുക! അവനെ നോക്കുക - നിങ്ങളുടെ ഹൃദയത്തിൽ പാപബോധം ഉളവാകട്ടെ!

ഏതെങ്കിലും സമയത്ത് പിറുപിറുക്കാനും, പരാതിപ്പെടാനും, ദു:ഖിക്കാനും പ്രലോഭിതരാകുമ്പോൾ അവനെ നോക്കുക.

സാത്താനും ലോകവും നിങ്ങളെ പാപത്തിലേക്ക് ആകർഷിക്കുമ്പോഴും, നിങ്ങളെ ദു:ഖത്തിൽ ആഴ്ത്താൻ നോക്കുമ്പോഴും അവനെ നോക്കുക.

മരണം നിങ്ങളുടെ മുഖത്ത് നോക്കുമ്പോഴും, കല്ലറ നിങ്ങൾക്കായി തയ്യാറായിരിക്കുമ്പോഴും അവനെ നോക്കുക.

നോക്കുക - അവനെ കൂടുതൽ സ്നേഹിക്കുക! നോക്കുക - അവനെ കൂടുതൽ അനുകരിക്കുക! നോക്കുക - അവനെ കൂടുതൽ സേവിക്കുക.

അവൻ ശക്തിയോടും മഹത്വത്തോടും കൂടി വരുന്നതും ഞാൻ കാണട്ടെ! അവന്റെ ആദ്യ വരവും രണ്ടാം വരവും തമ്മിൽ എത്ര വ്യത്യാസം. അവന്റെ ക്രൂശും, അവന്റെ സിംഹാസനവും. മുൾകിരീടവും മഹത്വത്തിന്റെ കിരീടവും. അവനെ നോക്കുക. ❖

യേശുവിന്റെ രക്തത്തിന്റെ ശക്തി

" വ്യർത്ഥവും പിതൃ പാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ " (1പത്രൊ. 1:18,19)

അവൻ രക്തം ചൊരിഞ്ഞത് നമ്മുടെ കർത്താവിന്റെ കഷ്ടപ്പാടുകളുടെ സമാപനമായിരുന്നു. ആ കഷ്ടപ്പാടുകളുടെ പ്രായശ്ചിത്ത ഫലപ്രാപ്തി ആ ചൊരിഞ്ഞ രക്തത്തിലായിരുന്നു. അതിന്റെ ഫലങ്ങൽ പലവിധമാണ്. രക്തത്തിലൂടെ പുനരുത്ഥാനം. രക്തത്തിലൂടെ ദൈവവുമായി ഐക്യമത്യം, രക്തത്തിലൂടെ സാത്താനെ ജയിക്കുക, രക്തത്തിലൂടെ ജീവൻ.

" മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത്, യാഗപീഠത്തിന്മേൽ നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അതു നിങ്ങൾക്കു തന്നിരിക്കുന്നു. രക്തമല്ലോ ജീവന്മൂലമായി പ്രായശ്ചിത്തം ആകുന്നത് "(ലേവ്യ. 17:11).

മാംസത്തിന്റെ ജീവൻ രക്തത്തിലാണ്. നിങ്ങളുടെ ആത്മാക്കൾക്കായി പ്രായശ്ചിത്തം നടത്താൻ ഞാൻ അതിനെ യാഗപീഠത്തിൽ നിങ്ങൾക്കായി നൽകിയിരിക്കുന്നു. ജീവൻ രക്തത്തിലാണ്. രക്തം യാഗപീഠത്തിൽ ദൈവത്തിന് അർപ്പിക്കപ്പെടുന്നതിനാൽ അതിൽ വീണ്ടെടുപ്പിന്റെ ശക്തിയുണ്ട്.

ജീവൻ രക്തത്തിലാണ്. അതിനാൽ രക്തത്തിന്റെ മൂല്യം അതിലുള്ള ജീവന്റെ മൂല്യത്തിന് തുല്യമാണ്. ഒരു ആടിന്റെ അല്ലെങ്കിൽ കോഴിയുടെ ജീവൻ ഒരു കാളയുടെ ജീവനേക്കാൾ കുറവാണ്. അതിനാൽ ഒരു യാഗത്തിൽ ഒരു ആടിന്റെ അല്ലെങ്കിൽ കോഴിയുടെ രക്തം ഒരു കാളയുടെ രക്തത്തേക്കാൾ കുറവാണ്. (ലേവ്യ. 4:3, 14, 27,28). മനുഷ്യന്റെ ജീവൻ പല ആടുകളുടെയും കാളകളുടെയും ജീവനേക്കാൾ വിലയേറിയതാണ്.

യേശുവിന്റെ രക്തത്തിൽ, വിശുദ്ധ ദൈവപുത്രന്റെ ആത്മാവ് വസിച്ചിരുന്നു. ദൈവത്തിന്റെ നിത്യജീവൻ ആ രക്തത്തിൽ വഹിച്ചിരുന്നു (പ്രവ്യ. 20:28). ആ രക്തത്തിന്റെ വ്യത്യസ്ത ഫലങ്ങളിൽ ഉള്ള ശക്തി ദൈവത്തിന്റെ നിത്യശക്തിയേക്കാൾ കുറവല്ല. രക്തത്തിന്റെ പൂർണ്ണ ശക്തി അനുഭവിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും എത്ര മഹത്വമുള്ള ചിന്ത!

രക്തത്തിന്റെ ശക്തി എല്ലാറ്റിനുമപരി ദൈവത്തിന് വീണ്ടെടുപ്പിനായി യാഗപീഠത്തിൽ അർപ്പിക്കപ്പെടുന്നതിലാണ്. രക്തം ചൊരിയുന്നത് ചിന്തിക്കുമ്പോൾ നാം മരണത്തെ ചിന്തിക്കുന്നു. രക്തം അലെങ്കിൽ ആത്മാവ് ചൊരിയുമ്പോൾ മരണം അനുഗമിക്കുന്നു. പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവം യിസ്രായേലിന് പാപത്തിനുള്ള പ്രായശ്ചിത്തം ആയി യാഗപീഠത്തിൽ രക്തം നൽകി.

രക്തം ദൈവത്തിന്റെ നിയമത്തിന്റെ തൃപ്തിക്കായി അവന്റെ കല്പന അനുസരിച്ച്, മരണത്തിന് അർപ്പിക്കപ്പെട്ട ജീവൻ ആയിരുന്നു. പാപം പൂർണ്ണമായും മൂടുകയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്തതിനാൽ, അത് കുറ്റം ചെയ്തവന്റെ പാപമായി ഇനി കണക്കാക്കപ്പെട്ടില്ല. അവൻ ക്ഷമിക്കപ്പെട്ടു.

എന്നാൽ എല്ലാ ഈ ത്യാഗങ്ങളും യേശുക്രിസ്തുവിന്റെ വരവു വരെ നിഴൽ മാത്രമാണ്.

യേശുക്രിസ്തു രക്തം ചൊരിഞ്ഞു. പിതാവിന്റെ

(ശേഷം 8-ാം പേജിൽ)

ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടവൻ

By Jessie Penn - Lewis

" ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് " (ഗലാ. 2:20).

ഈ വാക്കുകളിൽ, കാൽവറിയിൽ പൂർത്തയാക്കിയ മോചനത്തിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥം ഉൾക്കൊള്ളുന്നു. സന്ദേശം എത്ര ലളിതമായി എടുക്കുന്നുവോ, അത്രയും വേഗത്തിൽ ദൈവത്തിന്റെ ശക്തിയായി ക്രൂശിന്റെ വാക്ക് തെളിയിക്കും.

" ഞാൻ " എല്ലാ മനുഷ്യ ജീവിതത്തിന്റെയും കേന്ദ്ര മായിരിക്കുന്നു. ഈ " ഞാൻ " പൗലൊസ് പറയുന്നത് ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഞാൻ അവനോടൊപ്പം മരിച്ചിരിക്കുന്നു.

ദൈവത്തിന്റെ ഒരു വാക്കും ഒരു പ്രയോഗത്തിൽ തീരുന്നില്ലെന്ന് നാം ഓർക്കണം. അവൻ നമ്മെ നയിക്കുമ്പോൾ, ക്രൂശിന്റെ സന്ദേശം ഒരു ആഴത്തിലുള്ള ആവശ്യം നിറവേറ്റുന്നതായി കാണുന്നു. ആദ്യം, പാപത്തിന്റെ അടിമത്തോട് ബന്ധപ്പെട്ട് ക്രിസ്തുവിനോടുള്ള നമ്മുടെ മരണത്തെ നാം മനസ്സിലാക്കുന്നു. എന്നാൽ വൈകാതെ, നമുക്ക് ആഴത്തിലുള്ള ഒരു മോചനം ആവശ്യമാണെന്ന് കണ്ടെത്തുന്നു. നാം പാപത്തോട് മരിച്ചവരായി കണക്കാക്കുകയും, ശരീരത്തിന്റെ പ്രകടമായ പ്രവൃത്തികളിൽ നിന്ന് മോചനം കണ്ടെത്തുകയും ചെയ്തിട്ടും, നമ്മുടെ ജീവിതം ചില അളവിൽ സ്വയം കേന്ദ്രിതമാണ്. സ്വയം തൃപ്തി, സ്വയം കരുണ, സ്വയം ആലോചനയും സ്വയം വിധിയും, നമുക്ക് പരിക്ക് ഏല്ക്കുമ്പോൾ സ്വയം രക്ഷ. അതെ, എല്ലാത്തിനുപരി ജീവിതത്തെ ഒരു ഭാരമാക്കുന്ന സ്വയം ബോധം. ഇവയാണ് സ്വയം കേന്ദ്രീകരിക്കുന്നതിലുള്ള അപമാനങ്ങൾ.

സ്വയം മോചനം

ഈ ഘട്ടത്തിൽ, ദൈവത്തിന്റെ ആത്മാവ് "ക്രൂശിന്റെ വാക്ക് " നമ്മിലേക്ക് ഒരു പുതിയ അനുഗ്രഹീത മോചന സന്ദേശവുമായി വരുന്നു. ചില ജീവിതങ്ങൾക്ക്, അവർ മുൻകാലങ്ങളിൽ അനുഭവിച്ച പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തേക്കാൾ വലിയ ഫലങ്ങൾ ഉണ്ട്.

" ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ ". (മർക്കൊ. 8 :34).

ഒരു മനുഷ്യൻ തന്റെ സ്വയം നിഷേധിക്കുകയും, ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടവനായി കാണുകയും ചെയ്യട്ടെ. ഉടൻ തന്നെ മറ്റൊരു സ്വയം കർത്താവായ ക്രിസ്തു - ഹൃദയത്തിൽ കേന്ദ്രസ്ഥാനം എടുക്കുകയും എല്ലാം അവന്റെ നമിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്യും.

യേശുവിനെ നോക്കുക

ആത്മീയ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും മോചനം നേടാനുള്ള മാർഗ്ഗം യേശുവിനെ നോക്കുക എന്നതാണ്. യിസ്രായേല്യർ അവരുടെ ഭയാനകമായ അവസ്ഥയൽ നിന്ന് മരുഭൂമിയിൽ ഉയർത്തിയ പാമ്പിനെ നോക്കിയതു പോലെ, നാം നമ്മുടെ രക്ഷയ്ക്കായി കാൽവരിയിലേക്കു നോക്കുക. നാം നോക്കിയപ്പോൾ വിജയിക്കുന്നു. വീണ്ടും നാം നോക്കുന്നു. യേശുവിനോടൊപ്പം ഞങ്ങൾ ക്രൂശിക്കപ്പെട്ടിരിക്കുന്നതും, ഞങ്ങൾ പാപത്തോടു മരിച്ചവരായി കണക്കാക്കുകയും, അറിയപ്പെടുന്ന എല്ലാ പാപങ്ങളും തള്ളിക്കളയുകയും, അതിനെ ഞങ്ങളുടെമേൽ വാഴാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു. അവന്റെ ക്രൂശ് എന്റേതാണ്. ഞാൻ അവനോടൊപ്പം അവിടെ ഉണ്ട്. അവന്റെ ക്രൂശിൽ പങ്കുചേരുവാൻ ഞാൻ സമ്മതിക്കുന്നു. എല്ലാറ്റിനെയും ഇനി ഞാൻ അല്ല എന്ന നിലയിൽ നേരിടുന്നു. എനിക്ക് ഇനി വേറിട്ട ഒരി നിലനില്പ് ഇല്ല. ഞാൻ ക്രിസ്തുവിൽ ലയിച്ചിരിക്കുന്നു.

വിശ്വാസത്തിലൂടെ അവൻ നമ്മുടെഹൃദയങ്ങളിൽ വസിക്കാൻ ഇടം ന്ലകാൻ നാം ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു. പൗലൊസ് തന്റെ സാക്ഷ്യത്തിന് മുമ്പിൽ " ക്രിസ്തു എന്നിൽ ജീവിക്കുന്നു " എന്ന വാക്കുകൾ ഞാൻ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു. എന്നു പറയുന്നു. വിശ്വാസി തന്റെ പ്രായോഗിക അനുഭവുമായി ബന്ധപ്പെട്ട് കാൽവരിയുടെ ഈ കേന്ദ്രീകൃത ബിന്ദുവിനെ തിരിച്ചറിയുമ്പോൾ, ദൈവത്തിന്റെ എല്ലാ സത്യങ്ങളും മനോഹരമായ ഐക്യത്തിൽ അവരുടെ സ്ഥാനത്ത് വീഴുന്നു.

" താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്ക് അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു " (ഫിലി. 4:1,13). "അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തി ക്ക് ഒത്തവണ്ണം പോരാടികൊണ്ട് അദ്ധ്വാനിക്കുന്നു.

ഞാൻ മോചിതയാണ്. ഇനി സ്വയം സ്വാർത്ഥത, അല്ലെങ്കിൽ സ്വയം സ്നേഹം എന്നിവയുടെ മാധ്യമാകാതെ ഇപ്പോൾ എന്നിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ സ്നേഹവും ജീവിതവും പ്രകടിപ്പിക്കുന്നതും ആകട്ടെ. ഇത് എന്റെ ജീവിതം അല്ല. എന്റെ ഹൃദയത്തിൽ വസിക്കുന്ന ജീവിക്കുന്ന ക്രിസ്തുവിൽ നിന്ന് ഒഴുകുന്ന ജീവിതമാണ്. "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് "(ഗലാ. 2:20).

അവൻ എന്നേക്കുമായി തന്റെ ജീവൻ സമർപ്പിച്ചു. എന്നത് ഒരാളുടെ ജീവിതത്തിന്റെ ചിന്തയായി മാറുന്നു. എല്ലാം കാൽവരിയുടെ പ്രകാശത്തിലും സ്നേഹത്തിലും കാണപ്പെടുന്നു. വിശ്വാസി ഇനി തന്റെ അനുഭവത്തിൽ അല്ലെങ്കിൽ ഭൂമിയിലെ എന്തിനോടും ചേരുന്നില്ല, പക്ഷേ കാൽവരിയുടെ ക്രൂശിൽ തന്റെ പ്രയാസത്തിൽ നിന്ന് ഫലം കാണാൻ അവൻ ആഗ്രഹിക്കുന്നു. ❖

(2-ാംപേജിന്റെ തുടർച്ച)

ക്രിസ്തു എന്നിൽ ജീവിക്കുന്നു

ത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. (റോമർ 6:5).

അതുകൊണ്ട്, നാം ദൈവത്തോട് പറയണം, ക്രിസ്തു തന്റെ മരണത്തോടു എന്നിൽ വരികയും അവൻ എന്നിൽ ജീവിക്കാൻ ഞാൻ ആഗ്രഹിക്കയും ചെയ്യുന്നു.

പുനരുത്ഥാന ജീവിതം

അടുത്ത ഘട്ടം പുനരുത്ഥാനമാണ്. ക്രിസ്തു ക്രൂശിൽ തന്റെ ജീവിതം സമർപ്പിച്ചപ്പോൾ, ദൈവം അവനെ മഹത്വീകരിച്ചു. അവൻ അടക്കപ്പെട്ട ശേഷം, ദൈവം അവനെ ഉയർത്തെഴുന്നേല്പിച്ചു; അവന് പുതുജീവൻ നൽകി. അത് ഏറ്റവും ഉയർന്നതും മികച്ചതുമായ ജീവിതം ആയിരുന്നു.

ക്രിസ്തുവിന്റെ പുനരു

(ശേഷം 8-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ശ്രേഷ്ഠനായ ക്രിസ്തു

എല്ലാവരിലും എല്ലാം ആകുന്നു " (കൊലൊ. 3:11). ക്രിസ്തു ഒന്നും നിരസിച്ചിട്ടില്ല. അവൻ മനുഷ്യനായി ജനിക്കേണ്ടതാകയാൽ, അവൻ അത് നിരസിച്ചില്ല. മറിച്ച് മനുഷ്യനായി, ദാസരൂപം എടുത്തു. അവൻ കൊല്ലപ്പെടേണ്ടതാകയാൽ അതും നിരസിച്ചില്ല. മറിച്ച് നമുക്കായി തന്റെ ജീവൻ നല്കി ക്രൂശിൽ മരിച്ചു.

ഈ സ്നേഹത്തിൽ ആണ് നാം ആരാധിക്കേണ്ടതും, സ്തുതിക്കേണ്ടതും സന്തോഷിക്കുകയും ചെയ്യേണ്ടത്. ❖

(6-ാംപേജിന്റെ തുടർച്ച)

യേശുവിന്റെ രക്തത്തിന്റെ ശക്തി

ഇഷ്ടത്തിന് വിശുദ്ധ അനുസരണയോടെ, അവൻ തന്റെ ആത്മാവിനെ മരണത്തിന് അർപ്പിച്ചു. നിയമത്തിന്റെ ശിക്ഷ ഏറ്റുവാങ്ങി. ആ മരണത്തിലൂടെ ശിക്ഷ മാത്രമല്ല നിയമവും തൃപ്തിപ്പെടുത്തപ്പെട്ടു. പിതാവും മഹത്വവാനായി. അവന്റെ രക്തം പാപത്തിന്റെ പ്രായശ്ചിത്തം ആയി. അത് പാപം നീക്കുന്നതിനും പാപിയെ ശുദ്ധീകരിക്കയും വിശുദ്ധീകരിക്കുകയും സ്വർഗ്ഗത്തിന് യോഗ്യനാക്കുകയും ചെയ്തു.

യേശുവിന്റെ രക്തത്തിന് അത്ഭുതകരമായ ശക്തിയുണ്ട്. കാരണം അത് ചൊരിഞ്ഞ വ്യക്തിയും ചൊരിഞ്ഞ രീതിയും കാരണം. അത് പ്രായശ്ചിത്തത്തിന്റെ രക്തമാണ്. അതിനാൽ വീണ്ടെടുപ്പിന് അത്രയും ഫലപ്രാപ്തിയുണ്ട്. പാപിയുടെ രക്ഷയ്ക്ക് ആവശ്യമായ എല്ലാം പൂർത്തിയാക്കുന്നു.

" നീ യോഗ്യൻ, നീ അറുക്കപ്പെട്ടു, നിന്റെ രക്തം കൊണ്ടു സർവ്വലോകത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി (വെളി. 3:9)

Andrew Murray ❖

(7-ാംപേജിന്റെ തുടർച്ച)

ക്രിസ്തു എന്നിൽ ജീവിക്കുന്നു

ത്ഥാനം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്. നാം നമ്മുടെ ദുഷ്ട ജീവിതവും, ചിന്തകളും എല്ലാം ദൈവത്തിന്റെ കരങ്ങളിൽ കൊടുക്കാൻ തയ്യാറാവുകയാണെങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തിൽ ഇറങ്ങി വന്ന് വസിക്കും.

യേശുവിന്റെ കല്ലറ നമ്മെ പഠിപ്പിക്കുന്നത് എന്താണ്. ക്രിസ്തു മരിച്ചു അടക്കപ്പെട്ടു. തന്റെ ജീവിതം ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ചു. അവിടെ അവൻ കിടന്നു, ദൈവം തന്റെ ജോലി ചെയ്യാൻ സമയം എടുക്കാൻ അനുവദിച്ചു.

ദൈവം എന്താണ് ചെയ്തത്? അവന്റെ വാഗ്ദത്തം നിറവേറ്റി. കാൽവരിയ്ക്കു മുമ്പെ ഉള്ളതിനെക്കളും മഹത്വമേറിയ ജീവിതം അവനു നല്കി.

സമ്പൂർണ്ണ ജീവിതം

ഉയർത്തെഴുന്നേറ്റതിനു ശേഷം, ക്രിസ്തു സ്വർഗ്ഗത്തേലേയ്ക്ക് എടുക്കപ്പെട്ടു. ദൈവം അവനെ തന്റെ മഹത്വത്തിന്റെ സിംഹാസനം പങ്കിടാൻ, ദൈവീക ശക്തിയുടെ പങ്കാളിയാകാൻ കൂട്ടികൊണ്ടു പോയി. പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചു.

പലരും ചോദിക്കും, എനിക്കു എങ്ങനെ എന്റെ സഹോദരന്മാർക്ക് ഒരു അനുഗ്രഹമാകാൻ കഴിയും? ക്രിസ്തു എങ്ങനെ ലോകത്തിന് ഒരു അനുഗ്രഹമായി? അവൻ തന്നെ ദൈവത്തിന് സമർപ്പിച്ചു; ക്രൂശിൽ മരിച്ചു. അതിനുശേഷം ദൈവത്തിന്റെ മഹത്വത്തിനായി കാത്തിരുന്നു.

സഭയെ ഉണർത്തുന്ന മഹത്തായ ചോദ്യമാണ്, " എന്തുകൊണ്ട് ക്രിസ്ത്യാനികൾ ഇത്രയും ദുർബലരായി "പലരുടെയും ചോദ്യമാണ്. പൂർണ്ണമായ ക്രിസ്തീയ ജീവിതം നേടാൻ, ദൈവം വാഗ്ദത്തം ചെയ്തതു പോലെ ജീവിക്കാൻ നമുക്ക് എങ്ങനെ കഴിയും? ദൈവത്തിന്റെ മക്കളായി, ജീവിക്കുന്ന മുന്തിരി വള്ളിയുടെ ശാഖകളായി മാറാൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും?

ആദ്യം, നാം ഈ ക്രിസ്തുവിനെ നോക്കുകയും, ഈ ക്രിസ്തു എന്നിൽ ജീവിക്കാൻ ഞാൻ എല്ലാം ഉപേക്ഷിക്കാൻ തയ്യാറാണോ എന്നു ചോദിക്കണം. എത്ര പേർ പറയും? " അതെ, യേശുവേ, നീ എന്നെ സ്വന്തമാക്കുന്നതിനു വേണ്ടി എന്റെ മുഴുവൻ ജീവിതവും നിന്നിൽ സമർപ്പിക്കാൻ ഞാൻ തയ്യാറാണ്.

❖

യേശുവിന്റെ രക്തത്തിലൂടെ വിജയം

" അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു " (വെളി. 12:11).

കുഞ്ഞാടിന്റെ രക്തത്തിൽ ഓരോ ക്രിസ്ത്യാനിക്കും എപ്പോഴും വിജയം ഉണ്ട്. ആ രക്തത്തിന് ദൈവത്തോടും സ്വർഗ്ഗത്തോളം ഉള്ള ശക്തിയിൽ ആത്മാവ് വിശ്വസിക്കുമ്പോൾ, പൂർണ്ണ ഐക്യത്യം നടത്താനും, പാപം മറയ്ക്കാനും, സാത്താന്റെ അധികാരം പൂർണ്ണമായും ശാശ്വതമായും നശിപ്പിക്കാനും, പാപത്തിന്റെ ശക്തി നശിപ്പിക്കാനും- അതാണ് ഞാൻ പറയുന്നത്, ആത്മാവ് രക്തത്തിന്റെ ശക്തിയിൽ ജീവിക്കുമ്പോൾ, സാത്താന്റെ പ്രലോഭനങ്ങൾ വലയ്ക്കുന്നത് നിർത്തുന്നു.

കുഞ്ഞാടിന്റെ രക്തം ചിതറുന്നിടത്ത്, ദൈവം വസിക്കുന്നു. സാത്താൻ ഓടിപ്പോകുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും നമ്മുടെ ഹൃദയങ്ങളിലും, ആ വാക്ക് ഒരു വിജയ പ്രഖ്യാപനമാണ്. അവർ കുഞ്ഞാടിന്റെ രക്തം കൊണ്ട് സാത്താനെ ജയിച്ചു.

" ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു, ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയക്കുന്നവൻ " (1യോഹ. 5:4,5). " ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു (യോഹ. 16:33). സത്താൻ ജയിക്കപ്പെട്ട ശത്രുവാണ്. യേശുവിനോടു ചേർന്നിരിക്കുന്ന ഒരാളോട് പറയാൻ അവന് ഒന്നുമില്ല. എന്നാൽ ഞാൻ കർത്താവായ യേശുവിനോടു ഒന്നായിരിക്കുന്നു. കർത്താവ് തന്നെ എന്നിൽ ജീവിക്കുന്നു. അവൻ നേടിയ ആ വിജയം എന്നിൽ നിലനിർത്തുകയും നടത്തുകയും ചെയ്യുന്നു എന്നു അറിയുമ്പോൾ സാത്താൻ എനിക്കുമേൽ അധികാരമില്ല. കുഞ്ഞാടിന്റെ രക്തം എന്റെ ജീവിത വിജയത്തിന്റെ ശക്തിയാണ്.

ശത്രുവിന്റെ ഭയാനകമായ ശക്തിയെ അവന്റെ ജാഗ്രതയെ ഭൂമിയെ എല്ലാം കൈവശപ്പെടുത്തി നമ്മെ പ്രലോഭിപ്പിക്കുന്ന രീതിയിൽ ചിന്തിക്കുമ്പോൾ, ചില ക്രിസ്ത്യാനികൾ ചിന്തിക്കുന്നതുപോലെ, പോരാട്ടം വളരെ കഠിനമാണ്. എപ്പോഴും ഇത്തരത്തിലുള്ള സമ്മർദ്ദത്തിൽ ജീവിക്കുന്നത് അസാധ്യമാണെന്നു പറയാം. യേശു വിജയിയാണ്. അതിനാൽ, സാത്താനെ യേശു സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കുന്ന ദൈവീക ദർശനത്തോടെ, യേശു ജയിച്ച രക്തത്തിൽ വിശ്വാസത്തോടെ, അവന്റെ രക്തത്തിന്റെ ശക്തിയും വിജയവും നിലനിർത്താൻ നമുക്ക് അധികാരമുണ്ട്. " നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു " (റോമർ 8:37). ❖

Andrew Murray